3. എക്കോ ടൂറിസം

4. 14 ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ

5. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആൻഡ് ടൂറിസം സ്റ്റഡീസ്

6. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്

7. ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡ്

(ബി) വിനോദ സഞ്ചാരരംഗത്തെ സർക്കാരിതര ഏജൻസികൾ സമർപ്പിക്കുന്ന പദ്ധതികൾ പരിശോധിച്ച് അനുയോജ്യമായവയ്ക്ക് സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്.

(സി) ഇതിനായി സംവിധാനം നിലവിലില്ല.

വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് പദ്ധതികൾ

78 (4700) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് പ്രധാന ടൂറിസം കേന്ദ്രങ്ങൾ നവീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

വിദേശിയെന്നോ സ്വദേശിയെന്നോ വ്യത്യാസമില്ലാതെ സഞ്ചാരികളെ ആകർഷിക്കുന്നതിനുവേണ്ടി പ്രധാന ടൂറിസം കേന്ദ്രങ്ങൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ടൂറിസം കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന അനധികൃത മസാജ് പാർലറുകൾ

79 (4701) ശ്രീ. സാജു പോൾ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം കേന്ദ്രങ്ങളിലെ മസാജ് പാർലറുകൾക്ക് ടൂറിസം വകുപ്പിന്റെ അംഗീകാരം നിർബന്ധിതമാക്കുമോ ;

(ബി) ടൂറിസം വകുപ്പിന്റെ അംഗീകാരമുള്ള മസാജ് പാർലറുകളെ ഗ്രേഡ് തിരിക്കുകയും വെബ്സൈറ്റിലൂടെ പ്രചാരണം നടത്തുകയും ചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ടൂറിസം വകുപ്പിന്റെ അംഗീകാരമുള്ള മസാജ് പാർലറുകൾ നിലവിലില്ല. എന്നാൽ, ടൂറിസം വകുപ്പിന്റെ അംഗീകാരമുള്ള ആയുർവേദ കേന്ദ്രങ്ങൾക്ക് ഗ്രേഡ് നിർണ്ണയിക്കുകയും വെബ്സൈറ്റിലൂടെ പ്രചാരണം നടത്തുകയും ചെയ്തുവരുന്നുണ്ട്.

ടൂറിസം പദ്ധതിയിൽ സൗരോർജ്ജം ഉപയോഗിക്കുവാൻ നടപടി

80 (4703) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വകുപ്പിന് കീഴിൽ നടപ്പിലാക്കുന്ന വിവിധ ടൂറിസം പദ്ധതികളിൽ സൗരോർജ്ജം ഉപയോഗിച്ച് ഊർജ്ജാവശ്യങ്ങൾ നിറവേറ്റുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ;

(ബി) ആലുവ മണ്ഡലത്തിൽ നടപ്പിലാക്കുവാൻ പോകുന്ന പരുന്തുറാഞ്ചി മണപ്പുറം ഇക്കോടൂറിസം പദ്ധതിയിൽ സൗരോർജ്ജം ഉപയോഗിക്കുവാൻ കഴിയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) ഇക്കോ ടൂറിസം പദ്ധതികളിൽ സൗരോർജ്ജം ഉപയോഗിച്ച് ഊർജ്ജാവശ്യങ്ങൾ നിറവേറ്റുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

വർക്കലയിൽ സൗരോർജ്ജം ഉപയോഗിച്ച് തെരുവ് വിളക്ക് കത്തിക്കുന്ന ഒരു പദ്ധതി ടൂറിസം വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പരുന്തുറാഞ്ചി മണപ്പുറം ഇക്കോ ടൂറിസം പദ്ധതിയിൽ സൗരോർജ്ജം ഉപയോഗിക്കുവാൻ കഴിയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

നീന്തൽ പരിശീലനക്കുളങ്ങളൊരുക്കുന്നതിന് നടപടി

81 (4704) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീന്തൽ അറിയാത്തതിനാൽ പല ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ടൂറിസ്റ്റുകൾക്ക് അപകട മരണങ്ങൾ സംഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നീന്തൽ പഠിക്കുവാൻ സൗകര്യങ്ങളില്ലാത്ത സ്ഥലങ്ങളിൽ നീന്തൽ പരിശീലനകുളങ്ങളും അനുബന്ധ സംവിധാനങ്ങളും നിർമ്മിച്ച് പരിശീലനം നടത്തുന്നതിന് ടൂറിസം വകുപ്പ് നടപടികൾ സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly